പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :564 29.01. 2019 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിന് നിലവിൽ കുടിശ്ശികയിനത്തിൽ ഭീമമായ തുക സ്വകാര്യ കമ്പനികളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടുവാനുണ്ടോയെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. 30.09.2018 വരെയുള്ള കണക്ക് അനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>(1) പൊതുമേഖലാ സ്ഥാപനങ്ങൾ - 104.47 – കോടി രൂപ.<br>(2) സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ - 450.72 കോടി രൂപ |
| (ബി) വൻകിട സ്വകാര്യ കമ്പനികളിൽ നിന്നും ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ്; പ്രസ്തുത കുടിശ്ശിക പിരിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) വൻകിട സ്വകാര്യ കമ്പനികളിൽ നിന്നും ബോർഡിനു ലഭിക്കുവാനുള്ള കുടിശ്ശിക തുക 450.72 കോടിരൂപയാണ്. കുടിശ്ശിക പിരിക്കുന്നതിനു ഡിസ്കണക്ഷൻ, ഡിസ്മാന്റിൽഡ്, റവന്യൂ റിക്കവറി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെയുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. |
| (സി) ബോർഡ് വൈദ്യുതി നൽകിയ വകയിൽ ഉള്ള കുടിശ്ശിക പൂർണ്ണമായി പിരിക്കുന്നത് സംബന്ധിച്ച് 2008-ൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് നൽകിയിരുന്നോയെന്ന് പറയാമോ; | (സി) 2008-09 ലെ ARR&ERC ഉത്തരവിലെ കമ്മീഷൻ നിർദ്ദേശങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, അതിന്റെ വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിശദമായി ഒരു പദ്ധതി തയ്യാറാക്കണമെന്നും അത് കമ്മീഷൻ മുമ്പാകെ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. |
| (ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) കെ.എസ്.ഇ.ബി. വ്യക്തമായ ആസൂത്രണത്തോടെ കുടിശ്ശിക പിരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. കുടിശ്ശിക നിവാരണത്തിനായി, ഒരു അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക കർമ്മ സമിതി രൂപീകരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>1. ദീർഘകാലമായി വ്യവഹാരത്തിലേർപ്പെട്ടിരുന്ന ഉപഭോക്താക്കളുടെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>2. കുടിശ്ശിക പിരിച്ചെടുക്കുന്നതതിന്, പലിശ നിരക്കിൽ ഇളവുകൾ |

| | |
|---|---|
| | അനുവദിച്ച് വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു.<br>3. റവന്യൂ സംബന്ധമായി നടപടികൾ സ്വീകരിക്കുന്നതിന്, സെക്ഷൻ ഓഫീസ് തലത്തിൽ, അധിക തസ്തികകൾ ഒന്നും തന്നെ സൃഷ്ടിക്കാതെ, 'റവന്യൂ വിഭാഗം' രൂപീകരിച്ചിട്ടുണ്ട്.<br>4. റവന്യൂ സംബന്ധമായ എല്ലാവിധ പ്രവർത്തനങ്ങളും, പരിശോധനകൾ നടത്തുന്നതിനും, ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും, ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ, അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ Regional Audit Wing - കൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ